**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **3806**

**11.11.2019 ൽ മറുപടിയ്ക്ക്**

## കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇതിനോടകം തന്നെ എല്ലാ സർക്കാർ ഉത്തരവുകളും കോടതി വ്യവഹാരങ്ങളും മലയാളത്തി-ലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (എ) യും (ബി) യും കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽ നോട്ടം വഹിക്കുന്നതിന് വേണ്ടി 27.01.2009 ലെ സ.ഉ.(കൈ)നം.12/2009/നിയമ പ്രകാരം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ബഹു. ആഭ്യന്തരകാര്യ മന്ത്രി, ബഹു.നിയമ പാർലമെന്ററി കാര്യമന്ത്രി എന്നിവർ അംഗങ്ങളായുള്ള ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് 19.12.2013 ലെ സ.ഉ(കൈ) നം.223/2013/നിയമ പ്രകാരം 12 അംഗങ്ങളെ കൂടി ഉൾപ്പെടുത്തി പ്രസ്തുത സമിതി വിപുലീകരിക്കുകയുണ്ടായി. ഉന്നത-തല സമിതിയുടെ യോഗ തീരുമാന മനുസരിച്ച് നിലവിൽ കീഴ് കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉന്നതതലസമിതിയുടെ 2018-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് ഒരു തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കീഴ് കോടതി കളിൽ പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ